**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1987** **16-03-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ റാങ്ക് ലിസ്റ്റ് മാനദണ്ഡങ്ങൾ പാലിച്ച് വിപുലീകരിക്കണമെന്നാവശ്യപ്പെട്ട് 2021 ഡിസംബർ 13 മുതൽ മലപ്പുറം ജില്ലാ കളക്ടറേറ്റിന് മുന്നിൽ ഉദ്യോഗാർത്ഥികൾ നടത്തിവരുന്ന നിരാഹാര സത്യാഗ്രഹ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ (516/2019) തസ്തികയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുള്ള ചുരുക്കപ്പട്ടിക സംബന്ധിച്ച് പബ്ലിക് സർവീസ് കമ്മീഷന് ഉദ്യോഗാർത്ഥികളിൽ നിന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. നിലവിലെ വ്യവസ്ഥകൾ പാലിച്ചും അപാകതകളില്ലാതെയുമാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്നതിനാൽ പി.എസ്.സി പ്രസ്തുത പരാതികൾ പരിഗണിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത മെയിൻ ലിസ്റ്റ് (516/2019) സർക്കുലർ നം. 6/2018ലെ അനുബന്ധം 1-ലെ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രസിദ്ധീകരിച്ചതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ (516/2019) തസ്തികയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുള്ള ചുരുക്കപ്പട്ടിക സംബന്ധിച്ച് പബ്ലിക് സർവീസ് കമ്മീഷന് ഉദ്യോഗാർത്ഥികളിൽ നിന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. നിലവിലെ വ്യവസ്ഥകൾ പാലിച്ചും അപാകതകളില്ലാതെയുമാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്നതിനാൽ പി.എസ്.സി പ്രസ്തുത പരാതികൾ പരിഗണിച്ചിട്ടില്ല. |
| (സി) | എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിൽ മലപ്പുറം ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ മുഴുവനായും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | 31 (മുപ്പത്തി ഒന്ന്) പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ ആകെ 696 (അറുന്നൂറ്റി തൊണ്ണൂറ്റി ആറ്) ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ